**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4369 19-10-2011-ലെ മറുപടിക്ക്

## കുട്ടനാട് പാക്കേജിൽപ്പെടുത്തി വളർത്തുമൃഗങ്ങളെ ലഭ്യമാക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ആർ. രാജേഷ് | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| കുട്ടനാട് പാക്കേജിൽപ്പെടുത്തി മാവേലിക്കര മണ്ഡലത്തിലെ എല്ലാ കുടുംബശ്രീ യൂണിറ്റുകൾക്കും ആട്, പശു, കോഴി, താറാവ്, എന്നിവ വളർത്തുന്നതിന് അവ ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ? | കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നത്, കേരള കന്നുകാലി വികസനബോർഡ് മുഖാന്തിരം നടപ്പിലാക്കുന്ന ആടുവളർത്തൽ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള പദ്ധതിയാണ്. 21 അംഗങ്ങൾ വീതമുള്ള കർഷക ഗ്രൂപ്പുകൾ രൂപീകരിച്ച് ഓരോ അംഗത്തിനും അത്യുൽപ്പാദനശേഷിയുള്ള രണ്ട് ആടുകളെ വീതം വിതരണം ചെയ്യാനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. മൊത്തം 570 ക്ലസ്റ്ററുകളിലായി 23940 ആടുകളെ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ടി പദ്ധതി മാവേലിക്കര മണ്ഡലത്തിലും നടപ്പിലാക്കുന്നതാണ്. പശു, കോഴി, താറാവ് എന്നിവ വളർത്തുന്നതിന് ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ